<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനാറാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6120 — 20.11.2019-ൽ മറുപടിക്ക്

## ഭൂമിയില്ലാത്ത ഗോത്രവർഗ്ഗ കുടുംബങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റോജി എം. ജോൺ : | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് ഭൂമിയില്ലാത്ത എത്ര ഗോത്രവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | എ) | 2018-ൽ വകുപ്പിലെ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർ മുഖേന നടത്തിയ സർവ്വേ പ്രകാരം സംസ്ഥാനത്തെ ഭൂരഹിതരായ 10944 പട്ടികവർഗ്ഗക്കാർ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഭൂരഹിതരുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| ബി) | ഭൂമിയില്ലാത്ത ഗോത്രവർഗ്ഗക്കാർക്ക് ഭൂമി നൽകുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; മുൻ സർക്കാരിന്റെ കാലത്ത് 2011-16 കാലയളവിൽ എത്ര കുടുംബങ്ങൾക്കാണ് ഭൂമി നൽകിയത്; അറിയിക്കാമോ; | ബി) | ഭൂമി വാങ്ങി നൽകുന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ 03.03.2018-ലെ 21/2018/പജപവവിവ ഉത്തരവിലൂടെ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. അതിൻ പ്രകാരം ഭൂമി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഭൂമി കണ്ടെത്തിയതിൽ ആദ്യഘട്ട ഫീൽഡ് പരിശോധനയ്ക്ക് ശേഷം 747.42 ഏക്കർ ഭൂമി ജില്ലാതല കമ്മിറ്റിയുടെ പരിഗണനയിലാണ്. ഒരിക്കൽ കൂടി ഫീൽഡ്തല പരിശോധനയും വിലനിർണ്ണയവും നടത്തി ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വയനാട്, പാലക്കാട്, കോട്ടയം, എറണാകുളം, മലപ്പുറം, കാസർഗോഡ് ജില്ലകളിലെ 87.43 ഏക്കർ ഭൂമിയുടെ വില നിർണ്ണയം കഴിഞ്ഞിട്ടുണ്ട്. അതിൽ വയനാട് (19.18 ഏക്കർ), പാലക്കാട് (8 ഏക്കർ), മലപ്പുറം (5.27 ഏക്കർ) എന്നിവിടങ്ങളിലെ ഭൂമിയുടെ വില നിർണ്ണയം സർക്കാർ അംഗീകരിച്ച് ഭൂമി വിതരണം അന്തിമഘട്ടത്തിലാണ്. വാസയോഗ്യമെന്ന് കണ്ടെത്തുന്ന മുഴുവൻ ഭൂമിയും വില നിർണ്ണയം പൂർത്തീകരിച്ച് വാങ്ങി നൽകുന്ന നടപടി പുരോഗമിക്കുന്നു. 2011-16 കാലയളവിൽ ഭൂമി നൽകിയ കുടുംബങ്ങളുടെ വിവരം ജില്ലാതല ഉദ്യോഗസ്ഥർ ലഭ്യമാക്കിയത് അനുബന്ധം - II ആയി ചേർക്കുന്നു. |
| സി) | സുപ്രീംകോടതി വിധിയുടെ വെളിച്ചത്തിൽ വിതരണത്തിന് വിട്ടുകിട്ടിയ വനഭൂമിയിൽ | സി) | ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്നതിനായി ബഹു. സുപ്രീം കോടതി ഉത്തരവ് പ്രകാരം |

| | | | |
|---|---|---|---|
| | വിതരണയോഗ്യമാണെന്ന് കണ്ടെത്തിയ ഭൂമി പൂർണ്ണമായും ഗോത്രവർഗ്ഗക്കാർക്ക് വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ? | | പുനരധിവസിപ്പിക്കുന്നതിനായി 7693.2257 ഹെക്ടർ വനഭൂമിയാണ് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുള്ളത്. അതിൽ ഇതിനകം (കാസർഗോഡ് 75 ഏക്കർ, മലപ്പുറം 25 ഏക്കർ, വയനാട് ജില്ലയിൽ 5954.75 ഏക്കർ (സുഗന്ധഗിരി, പൂക്കോട് പ്രോജക്ട് ഭൂമി ഉൾപ്പെടെ), പാലക്കാട് ജില്ലയിൽ 2625.26 ഏക്കർ (പൊതു ആവശ്യങ്ങൾക്ക് നൽകിയത് ഉൾപ്പെടെ) ആകെ 8680 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. കാസർഗോഡ് 150 പേർക്കും മലപ്പുറത്ത് 34 പേർക്കും പാലക്കാട് ജില്ലയിൽ (1738 ഏക്കർ) 1625 പേർക്കും വയനാട് ജില്ലയിൽ (4298.54 ഏക്കർ) 1379 പേർക്കുമായി ആകെ 3301 പേർക്ക് ഭൂമി ലഭിച്ചിട്ടുണ്ട്. പാലക്കാട്, വയനാട് ജില്ലകളിൽ വനാവകാശ നിയമപ്രകാരവും ടി ഭൂമി വിതരണം ചെയ്തിട്ടുണ്ട്.<br><br>അവശേഷിക്കുന്ന ഭൂമിയിൽ കാസർഗോഡ് (16.89 ഏക്കർ), കണ്ണൂർ 205 ഏക്കർ എന്നിവ വാസയോഗ്യമല്ല. മലപ്പുറം ജില്ലയിൽ 341.60 ഏക്കർ ഭൂമിയിൽ സംയുക്ത പരിശോധന പൂർത്തീകരിച്ചതിൽ 274.91 ഏക്കർ വാസയോഗ്യമെന്ന് കണ്ടെത്തിയിട്ടുണ്ട്. ടി ഭൂമി വനം വകുപ്പ് റവന്യൂ വകുപ്പിന് കൈമാറുന്ന നടപടി നടന്നുവരികയാണ്. ടി നടപടി പൂർത്തീകരിച്ച് ഭൂമി വിതരണം ചെയ്യുന്നതാണ്. പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ 211 പേർക്ക് 169.12 ഏക്കർ ഭൂമി സബ് ഡിവിഷൻ പൂർത്തീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മറ്റുള്ള പ്രദേശങ്ങളിൽ സംയുക്ത പരിശോധന നടന്നുവരികയാണ്. വയനാട് ജില്ലയിൽ 249 ഏക്കറിൽ സംയുക്ത പരിശോധന പൂർത്തീകരിച്ച് സർവ്വേ പ്രവർത്തനം നടന്നുവരുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം – I

## ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ ജില്ലതിരിച്ചുള്ള വിവരങ്ങൾ

| ക്രമ നം. | ജില്ല | ഭൂരഹിതരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 27 |
| 2 | കൊല്ലം | 37 |
| 3 | പത്തനംതിട്ട | 162 |
| 4 | ആലപ്പുഴ | 289 |
| 5 | കോട്ടയം | 114 |
| 6 | ഇടുക്കി | 108 |
| 7 | എറണാകുളം | 124 |
| 8 | തൃശ്ശൂർ | 44 |
| 9 | പാലക്കാട് | 633 |
| 10 | കോഴിക്കോട് | 117 |
| 11 | മലപ്പുറം | 564 |
| 12 | വയനാട് | 8051 |
| 13 | കണ്ണൂർ | 264 |
| 14 | കാസർഗോഡ് | 410 |
| ആകെ | | 10,944 |

സെക്ഷൻ ഓഫീസർ

## അനുബന്ധം - II

## 2011-2016 കാലയളവിൽ ഭൂമി വാങ്ങി നൽകിയവരുടെ ജില്ലതിരിച്ചുള്ള വിവരങ്ങൾ

| ക്രമ നം. | ജില്ല | 2011-16 കാലയളവിൽ ഭൂമി നൽകിയ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 0 |
| 2 | കൊല്ലം | 34 |
| 3 | പത്തനംതിട്ട | 35 |
| 4 | ആലപ്പുഴ | 15 |
| 5 | കോട്ടയം | 5 |
| 6 | ഇടുക്കി - തൊടുപുഴ | 7 |
| 7 | അടിമാലി | 99 |
| 8 | എറണാകുളം | 12 |
| 9 | തൃശ്ശൂർ | 17 |
| 10 | പാലക്കാട് | 37 |
| 11 | അട്ടപ്പാടി | 1 |
| 12 | കോഴിക്കോട് | 6 |
| 13 | മലപ്പുറം | 26 |
| 14 | വയനാട് - കൽപ്പറ്റ | 187 |
| 15 | മാനന്തവാടി | 99 |
| 16 | സുൽത്താൻ ബത്തേരി | 95 |
| 17 | കണ്ണൂർ | 58 |
| 18 | കാസർഗോഡ് | 56 |
| ആകെ | | 789 |